# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2412

09.03.2018-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ആർ.സുനിൽ കുമാർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദീകരിക്കാമോ; കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലി ചെയ്യുന്ന ഓപ്പറേറ്റർമാർ ജോലി സമയത്തിന് ശേഷവും അവധി ദിവസങ്ങളിലും ജോലി തുടരേണ്ടിവരുമ്പോൾ അവർക്ക് അർഹതപ്പെട്ട വേജസ് പോലും നിഷേധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തന്മൂലം പമ്പിംഗ് തടസ്സപ്പെടാതിരിക്കുന്നതിന് ഏർപ്പെടുത്തിയ നടപടികൾ വിശദീകരിക്കാമോ; | (എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച മുൻകരുതൽ നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2. പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പാക്കി ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലി ചെയ്യുന്ന ഓപ്പറേറ്റർമാർ ജോലി സമയത്തിന് ശേഷവും അവധി ദിവസങ്ങളിലും ജോലി തുടരേണ്ടിവരുമ്പോൾ അവർക്ക് അർഹതപ്പെട്ട വേതനമാണ് നല്കി വരുന്നത്. അതിനാൽ ഇതുമൂലം പമ്പിംഗ് തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ഓപ്പറേറ്റിംഗ് മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഹെഡ് ഓപ്പറേറ്റർമാർക്ക് നൽകിയ സൂപ്പർവൈസറി ചുമതല സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഹെഡ് ഓപ്പറേറ്റർമാർക്ക് സൂപ്പർവൈസറി തസ്തികയിലെ ചുമതലകൾ നല്കിയിട്ടുള്ളത് പരീക്ഷണാടിസ്ഥാനത്തിലാണ്. ഇവരുടെ 6-മാസത്തെ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യേണ്ടതുണ്ട്. |
| (സി) | കേരള വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് വിഭാഗം ജോലികൾ പുറം കരാർ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ജലക്കരം വർദ്ധന ഇല്ലെന്ന് സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ കെ.ഡബ്ല്യു.എ യുടെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുമോ; | (സി) | ഉണ്ട്.<br>2017-18 സാമ്പത്തിക വർഷം 312.19 കോടി രൂപയായിരുന്ന നോൺ പ്ലാൻ ഗ്രാന്റ് 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 327.80 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | അരുവിക്കരയിലെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് നിർമ്മാണ തൽസ്ഥിതി വിശദമാക്കാമോ; കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം എന്നത്തേക്ക് വിപണിയിലിറക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഡി) | കുപ്പിവെള്ള പദ്ധതിയുടെ വിവിധ സിവിൽ ജോലികൾ 96% പൂർത്തിയായി. മഴവെള്ള സംഭരണി, ഫാക്ടറിയ്ക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയുടെ സിവിൽ ജോലികൾ ബാക്കിയുണ്ട്. ഇലക്ട്രിക്കൽ ജോലികൾ 65% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ, പ്ലാന്റിലെ യന്ത്രസാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി, ലൈറ്റ്, ഫാൻ, എ.സി എന്നിവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിലാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ 28.02.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു.<br><br>പ്രസ്തുത പദ്ധതി 2018 ഏപ്രിൽ 30-ാടു കൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ സർക്കാർ ഏജൻസികൾ, ബി.ഐ.എസ്, ഭക്ഷ്യ സുരക്ഷാ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ഇ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി മാതൃകയിൽ, സബ് സെക്ഷനും ജീവനക്കാരെത്തന്നെ ഉപയോഗപ്പെടുത്തി ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ